പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1397** **15-10-2026-ൽ മറുപടിയ്ക്ക്**

**<u>ടൂറിസം കേന്ദ്രങ്ങൾ സ്ത്രീ സൗഹൃദമാക്കുന്നതിനുള്ള പദ്ധതികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ദീപക് ജോയ് ശ്രീ. പി. സി. വിഷ്ണുനാഥ്

(വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങളെ കൂടുതൽ സ്ത്രീസൗഹൃദവും സുരക്ഷിതവുമാക്കുന്നതിനായി ആവിഷ്കരിക്കുന്ന പുതിയ പദ്ധതികൾ ഏതെല്ലാം; വ്യക്തമാക്കാമോ?

**<u>മറുപടി:</u>** സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങളെ സ്ത്രീസൗഹൃദവും സുരക്ഷിതവുമാക്കുന്നതിനും ടൂറിസം മേഖലയിലെ സ്ത്രീപങ്കാളിത്തം വർധിപ്പിക്കുന്നതിനുമായി കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റിയുടെ നേതൃത്വത്തിൽ സ്ത്രീ സൗഹൃദ വിനോദസഞ്ചാര പദ്ധതി നടപ്പിലാക്കിവരുന്നു.

സ്ത്രീ സൗഹൃദ വിനോദസഞ്ചാര പദ്ധതിയുടെ ഭാഗമായി, കേരള വനിതാ വികസന കോർപ്പറേഷനുമായി സഹകരിച്ച് ഇൻട്രസ്റ്റ് സബ് വെൻഷൻ പദ്ധതി 2026-27 നടപ്പിലാക്കുന്നു. വനിതാ സംരംഭകർക്ക് ഹോംസ്റ്റേ, ഫാം ടൂറിസം, റസ്റ്റോറന്റ്, കരകൗശല നിർമാണം തുടങ്ങിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വായ്പയുടെ പലിശയിൽ പരമാവധി 4% വരെ സബ്സിഡി നൽകുകയാണ് ലക്ഷ്യം. ഇതിനായി 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. സ്ത്രീശാക്തീകരണവും സാമ്പത്തിക സ്വയംപര്യാപ്തതയും ഉറപ്പാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.

**സെക്ഷൻ ഓഫീസർ**